എൻ.കെ ബുഷ്റ ചെറുപുത്തൂർ

# ദാനത്തേക്കാൾ ശ്രേഷ്ഠമാണ് കടം നൽകുന്നത്

عَنْ أَنَسٍ رضي اللّه عنه قَالَ: قَالَ رَسُولُ اللهِ ﷺ: رَأَيْتُ لَيْلَةَ اُسْرِيَ بِي مَكْتُوبٌ على بَابِ الْجَنَّةِ: الصَّدَقَةُ بِعَشْرِ أَمْثَالِهَا، وَالْقَرْضُ بِثمَانِيَة عَشَرَ، فَقُلْتُ يَا جِبْرِيل مَا بَالُ القَرْضِ أَفْضَلُ مِنَ الصَّدَقَةِ؟ قَالَ: إنَّ السَّائِلَ يَسْأَلُ وَعِنْدَهُ، وَالْمُسْتَقْرِضُ لاَ يَسْتَقْرِضُ إِلاَّمِنْ حَاجَةٍ (إبن ماجة)

നബി(സ) പ്രസ്താവിച്ചതായി അനസ്(റ) നിവേദനം: ഞാൻ ആകാശാരോഹണം നടത്തിയ രാത്രിയിൽ സ്വർഗകവാടത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു; "ദാനത്തിന് പത്തിരട്ടി, കടത്തിന് പതിനെട്ടിരട്ടി." ഞാൻ ചോദിച്ചു: "ജിബ്രീൽ, കടം കൊടുക്കുന്നത് ദാനം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്നോ?" ജിബ്രീൽ പറഞ്ഞു: "കാരണമുണ്ട്, യാചകൻ കൈയിലുള്ളപ്പോഴും യാചിക്കുന്നു; കടക്കാരനാവട്ടെ ആവശ്യമുള്ളപ്പോഴല്ലാതെ കടം ചോദിക്കുകയില്ല" (ഇബ്നുമാജ)

ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കാനാവാതെ പ്രയാസമനുഭവിക്കുമ്പോഴാണ് ഒരാൾ കടം ചോദിക്കുക. അധ്വാനിച്ച് വൈകാതെ കടം വീട്ടാമെന്ന പ്രതീക്ഷയും തീരുമാനവും അയാൾക്കുണ്ടായിരിക്കും. ഇങ്ങനെയുള്ള ഒരു വ്യക്തിക്ക് കടം നൽകി സഹായിക്കുന്നത് യാചകന് ദാനം നൽകുന്നതിനേക്കാൾ പുണ്യമുണ്ടെന്നാണ് റസൂൽ(സ) ഈ വചനത്തിലൂടെ പഠിപ്പിക്കുന്നത്. ആവശ്യമുള്ളപ്പോഴേ കടം വാങ്ങാവൂ എന്നതും ഈ ഹദീസിലടങ്ങിയ പാഠമാണ്. ആഡംബരങ്ങൾക്കും അനാവശ്യത്തിനുമെല്ലാം വാങ്ങുന്നതല്ല കടമെന്നർഥം. ഇങ്ങനെ അത്യാവശ്യക്കാരന് കടം കൊടുക്കുന്നവന് ഈ ലോകത്ത് വെച്ചുതന്നെ ആ സംഖ്യ വൈകാതെ തിരിച്ചു ലഭിക്കുന്നതോടൊപ്പം പരലോകത്ത് പതിനെട്ടിരട്ടി പ്രതിഫലവും ലഭിക്കുന്നു. ആവശ്യക്കാരന് കണ്ടറിഞ്ഞ് കടം നൽകുന്നത് ദാനം പോലെ ശ്രേഷ്ഠതയുള്ള കാര്യമാണ്. റസൂൽ(സ) പറയുന്നു: "ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന് രണ്ടുവട്ടം കടം കൊടുത്താൽ, അതിലൊന്ന് ദാനം പോലെയാണ്."

കടം വാങ്ങിയവനിൽ നിന്ന് വിധേയത്വം പ്രതീക്ഷിക്കുകയും ഇടക്കിടെ കടത്തെക്കുറിച്ച് പരസ്യമായി ഓർമിപ്പിച്ച് അവന്റെ അഭിമാനത്തിന് ക്ഷതമേൽപിക്കുന്നവരുമായ 'ഉദാരന്മാർ' ഈ നബിവചനത്തിന്റെ പരിധിയിൽ പെടില്ല. ഒരാൾക്ക്, പറഞ്ഞ അവധിക്ക് കടം വീട്ടാൻ കഴിയാത്തവിധം പ്രയാസങ്ങൾ അനുഭവപ്പെട്ടാൽ അവന് സാവകാശം നൽകുകയാണ് വേണ്ടത്. അബൂഖതാദ(റ)യിൽ നിന്ന് നിവേദനം: അദ്ദേഹം ഒരു കടക്കാരനെ തേടിച്ചെന്നപ്പോൾ അയാൾ ഒളിച്ചുകളഞ്ഞു. പിന്നീട് അദ്ദേഹം അയാളെ കണ്ടുമുട്ടിയപ്പോൾ അയാൾ പറഞ്ഞു: "ഞാൻ വലിയ ഞെരുക്കത്തിലാണ്." അബൂഖതാദ പറഞ്ഞു: "ദൈവമേ, അങ്ങനെയോ? എങ്കിൽ നബി(സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: അന്ത്യനാളിന്റെ ക്ലേശങ്ങളിൽ നിന്ന് അല്ലാഹു തങ്ങളെ രക്ഷപ്പെടുത്തുന്നത് വല്ലവരെയും സന്തോഷിപ്പിക്കുന്നുവെങ്കിൽ അവർ ഞെരുക്കമുള്ളവർക്ക് സാവകാശം നൽകുകയോ അല്ലെങ്കിൽ അവരുടെ കടം ഒഴിവാക്കി കൊടുക്കുകയോ ചെയ്യട്ടെ."

പ്രയാസമനുഭവിക്കുന്നവന് സാധ്യമെങ്കിൽ കടം ഒഴിവാക്കിക്കൊടുക്കുകയോ കടം വീട്ടാൻ ആവശ്യമായത്ര കാലാവധി നൽകുകയോ ചെയ്യണമെന്നാണ് റസൂലിന്റെ നിർദേശം. കഅ്ബുബ്നു അംറിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "ഒരുവൻ ഒരു തിടുക്കക്കാരന് അവധി കൊടുക്കുകയോ അയാളുടെ കടബാധ്യത ഒഴിവാക്കിക്കൊടുക്കുകയോ ചെയ്താൽ അല്ലാഹു അവന്റെ തണൽ അയാൾക്ക് വിരിച്ചു കൊടുക്കും." എന്നാൽ കടം വീട്ടാൻ ശേഷിയുണ്ടായിട്ടും അത് വീട്ടാതെ അലംഭാവം കാണിക്കുന്നത് കുറ്റകരമാണ്. അത്തരം അലംഭാവത്തെ 'ളുൽമ്' (അക്രമം) എന്നാണ് റസൂൽ(സ) വിശേഷിപ്പിച്ചിട്ടുള്ളത്. വാങ്ങുമ്പോൾ തന്നെ, തിരിച്ചടക്കാൻ ഉദ്ദേശ്യമില്ലാതെ കടം വാങ്ങുന്നവരുമുണ്ട്. അത്തരമൊരാൾക്ക് ആ ധനം കൊണ്ട് ബർക്കത്ത് ലഭിക്കില്ല. *സ്വഹീഹു ബുഖാരി*യിൽ വന്ന ഒരു ഹദീസിലത് വ്യക്തമാക്കുന്നുണ്ട്. അബൂഹുറയ്റയിൽ നിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു: "ഒരാൾ വീട്ടണമെന്ന ഉദ്ദേശ്യത്തോടെ ആളുകളുടെ മുതൽ വാങ്ങിയാൽ അവന് അല്ലാഹു അത് വീട്ടിക്കൊടുക്കും. ഒരുവൻ അത് നശിപ്പിക്കണമെന്ന വിചാരത്തോടെ വാങ്ങിയാലോ, അല്ലാഹു അവനെ നശിപ്പിക്കും."

ദാനം നൽകൽ പതിവാക്കിയവർ പോലും കടം നൽകുക എന്നതും ഒരു പുണ്യകർമമാണെന്ന ദീനീ പാഠം വിസ്മരിച്ചുപോയിരിക്കുന്നു. അതിന്റെ പ്രത്യാഘാതമാവട്ടെ അത്യാവശ്യമായ ഒരു ചെറിയ സംഖ്യക്ക് പോലും പലിശാധിഷ്ഠിതമായ ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ദാനത്തേക്കാൾ അനേകമടങ്ങ് പ്രതിഫലമുള്ളതാണ് കടം നൽകൽ എന്ന പ്രവാചകപാഠവും മുൻകാല വിശ്വാസി സമൂഹം അതിന് നൽകിയ പ്രാധാന്യവും സംസ്കാരവും നമ്മൾ തിരിച്ചുപിടിക്കേണ്ടിയിരിക്കുന്നു. ■